നീതിസാരം

നീതിസാരം

പ്രകാശകർ:
വിദ്യാരംഭം പബ്ളിഷേഴ്സ്
മുല്ലയ്ക്കൽ, ആലപ്പുഴ



Free Distribution
DVK Central Library
Bangalore - 560 02

ജനുവരി 1997

വില 3-00

അച്ചടി: വിദ്യാരംഭം, ആലപ്പുഴ

നീതിസാരം

പ്രണമ്യ സർവലോകേശം ദേവദേവേശ്വരം ഹരിം
നീതിസാരം പ്രവക്ഷ്യാമി സർവ്വശാസ്ത്രസമാഹൃതം.

അർത്ഥം–ചരാചര ഗുരുവാകുന്ന ഭഗവാനെ നമസ്കരിച്ച് സർവശാസ്ത്രങ്ങളിലും ചൊല്ലിയതിൽ സാരമായുള്ള വാക്കുകളെ എടുത്തുലോകോപകാരത്തിനായിക്കൊണ്ട് പറയുന്നേൻ.

ശ്രൂയതാം ധർമ്മസർവസ്വം
ശ്രുത്വാ ചൈവ വിചാര്യതാം
ആത്മനഃ പ്രതികൂലാനി
പരോഷാന്ന വിചാരയേൽ

അർത്ഥം–ധർമ്മാധർമ്മങ്ങളെല്ലാം കേട്ട് അതിനെ ബുദ്ധികൊണ്ട് വിചാരിച്ച് ആത്മാവിനു ഗുണവിരോധമായ കാര്യങ്ങളെ ആരോടും ചെയ്യരുതെന്നറിക.

അപരീക്ഷ്യനകർത്തവ്യം
കർത്തവ്യം സുപരീക്ഷ്യ ച
ന ഛേദ് ഭവതി സന്താപോ
ബ്രാഹ്മണ്യാ നകുലാദ്യഥാ

അർത്ഥം–ഒന്നു ചെയ്യാൻ തുടങ്ങുമ്പോൾ പരീക്ഷകൂടാതെ ചെയ്യരുത്. പരീക്ഷയോടുകൂടി സകലകാര്യങ്ങളും ചെയ്യണം. പരീക്ഷ കൂടാതെ ചെയ്താൽ കീരിയെക്കൊന്ന ബ്രാഹ്മണിയെപോലെ സന്താപത്തിനു കാരണമെന്നറിക.

അവശ്യമനുഭോക്തവ്യം കൃതം കർമ്മശുഭാശുഭം
നാഭുക്തം ക്ഷീയതേ കർമ്മകല്പകോടിശതൈരപി

അർത്ഥം–നല്ലതെങ്കിലും തീയതെങ്കിലും തന്നാൽ ചെയ്യപ്പെട്ട പുണ്യപാപങ്ങൾ താൻതന്നെ അനുഭവിക്കുക. നൂറുകോടി കല്പകാലം ചെന്നാലും അനുഭവിക്കാതെ തീരാ എന്നറിക.

അർത്ഥാനാമാർജ്ജനേദുഃഖം ആർജ്ജിതാനാന്തു രക്ഷണേ
ആയേ ദുഃഖം വ്യയേ ദുഃഖമർത്ഥാഃ കിം ദുഃഖഭാജനം

അർത്ഥം–അർത്ഥം ഉണ്ടാക്കുവാനും ഉണ്ടാക്കിയാൽ രക്ഷിപ്പാനും ദുഃഖം; അർത്ഥം അഴിക്കുമ്പോഴും ലാഭം വരുത്തുമ്പോഴും ദുഃഖം; അർത്ഥം ദുഃഖത്തിനായിക്കൊണ്ടുള്ള പാത്രമെന്നറിക.

വിദ്വാനേവ വിജാനാതി വിദ്വജ്ജനപരിശ്രമം
നഹി വന്ധ്യാവിജാനാതി ഗ്രുവ്വീംപ്രസവവേദനാം,

അർത്ഥം–വിദ്വാനേ വിദ്യയുള്ളവനെ അറിഞ്ഞു കൂടൂ. എന്തെന്നാൽ പ്രസവിക്കാത്ത സ്ത്രീക്കു പ്രസവവേദന തിരിയായല്ലോ എന്നതുപോലെ എന്നു് അറിക.

മാതാ പിതാ ച മേ ശത്രുര്യേന ബാല്യേനപാഠ്യതേ
സഭാമദ്ധ്യേ ന ശോഭതേ ഹംസമദ്ധ്യേ ബകോയഥാ

അർത്ഥം–ചെറുപ്പത്തിൽ വിദ്യാഭ്യാസം ചെയ്യിപ്പിക്കാത്ത മാതാപിതാക്കൾ ശത്രുക്കൾക്കു സമാനം ആകുന്നു. അതു് എന്തെന്നാൽ വിദ്യ അഭ്യസിച്ചിട്ടില്ലാത്തവൻ ഒരു സഭാമദ്ധ്യത്തിൽ ചെന്നാൽ അന്നങ്ങളുടെ ഇടയിൽ അകപ്പെട്ട കൊക്കിനു സമംതന്നെ എന്നറിക.

കർപ്പൂരധൂളീകലിതാലവാലേ
കസ്തൂരികാകല്പിതദോഹളശ്രീഃ
ഹിമാംബുകാഭൈരഭിഷിച്യമാനഃ
പ്രാഞ്ചംഗ്രണം മഞ്ചതി നോ പലാണ്ഡുഃ

അർത്ഥം–കർപ്പൂരത്തടത്തിൽ ഉള്ളിനട്ടു് കസ്തൂരി വളമിട്ടു പനിനീരുകൊണ്ടു് അഭിഷേകംചെയ്താലും ഉള്ളിയുടെ ഗന്ധം തീരാ എന്നറിക.

ആചാര്യാൽപാദമാദത്തേ പാദം ശിഷ്യഃസ്വമേധയാ
പാദം സബ്രഹ്മചാരിഭ്യഃ പാദംകാലക്രമേണതു

അർത്ഥം–യാതൊരു വിദ്യയും, ഗുരുവിനോടു നാലിലൊന്നും സ്വമേധയാ നാലിലൊന്നും കൂടെപ്പഠിക്കുന്ന സഖികളോടു നാലിലൊന്നും കാലക്രമംകൊണ്ടു നാലിലൊന്നും ഇങ്ങനെ നാലുംകൂടി മുഴവനാകും എന്നറിക.

ശ്രുതമിച്ഛന്തി പിതരോ ധനമിച്ഛന്തി മാതരഃ
ബാന്ധവാഃ കുലമിച്ഛന്തിരൂപമിച്ഛന്തികന്യകാഃ

അർത്ഥം–വിവാഹത്തിങ്കൽപിതാക്കൾവിദ്വാനെ ഇച്ഛിക്കുന്നു. മാതാക്കൾ ധനവാനെ ഇച്ഛിക്കുന്നു. ബന്ധുക്കൾ വംശവാനെ ഇച്ഛിക്കുന്നു. കന്യകമാർ രൂപവാനെ ഇച്ഛിക്കുന്നു എന്നറിക.

വൃശ്ചികസ്യവിഷം പുച്ഛം മക്ഷികായാ വിഷംശിരഃ
തക്ഷകസ്യവിഷംദന്തം സർവ്വാംഗം ദുർജ്ജനസ്യച.

അർത്ഥം–തേളിന്നുവാലിന്മേൽ വിഷം, ഈച്ചയ്ക്കു തലയിൽ വിഷം, സർപ്പത്തിനു പല്ലിന്മേൽ വിഷം ദുഷ്ടന്നു സർവ്വാംഗം വിഷമെന്നറിക.

പക്ഷീണാം ബലമാകാശം മത്സ്യാനാമുദകംബലം
ദുർബലസ്യ ബലംരാജാ ബാലാനാം രോദനംബലം

അത്ഥം–പക്ഷികൾക്ക് ആകാശം ബലം, മത്സ്യങ്ങൾക്കുവെള്ളമുള്ള ദിക്കിൽ ബലം. ബലഹീനന്മാക്ക രാജാവു ബലം, കുട്ടികൾക്ക കരച്ചിൽ ബലം എന്നറിക.

വിവാദശീലാം സ്വയമത്ഥചോരിണീം
പരാനുകൂലാം പതിദോഷഭോഷിണീം
അഗ്രാശിനീമന്യഗൃഹപ്രവേശിനീം
ഭാര്യാം ത്യജേൽപുത്രദശപ്രസൂതികാം.

അ:–യാതൊരു സ്ത്രീ എല്ലായ്പോഴും വിവാദിക്കുകയും തന്റെ മുതൽ താൻതന്നെ മോഷ്ടിച്ച് എടുക്കുകയും അന്യപുരുഷനു അനുകൂലമായിരിക്കയും ഭർത്താവിനെക്കൊണ്ട് ദോഷംപറയുകയും ഭർത്താവിനും തനിക്കുംകൂടി വച്ചാൽ താൻ മുൻപിൽ ഉണ്ണുകയും എല്ലായ്പോഴും അന്യഗൃഹത്തിൽ പോയിരിക്കുകയും ചെയ്യുന്നോ, ആ സ്ത്രീക്ക് പത്തു പുത്രരുണ്ടെങ്കിലും ഉപേക്ഷിക്കണമെന്നറിക.

കാര്യേഷുമന്ത്രീ കരണേഷുദാസീ
രൂപേഷുലക്ഷ്മീക്ഷമയാധരിത്രീ
സ്നേഹേഷു മാതാ ശയനേഷുവേശ്യാ
ഷട്കർമ്മനാരീ കുലധർമ്മപത്നീ.

അത്ഥം–യാതൊരു സ്ത്രീ കാര്യത്തിൽ മന്ത്രിയെപ്പോലെയും പ്രവൃത്തിയിൽ ദാസിയെപ്പോലെയും രൂപത്തിൽ ലക്ഷ്മിയെപ്പോലെയും ക്ഷമകൊണ്ട ഭൂമിദേവിയെപ്പോലെയും സ്നേഹത്തിൽ മാതാവിനെപ്പോലെയും ശയനത്തിൽ വേശ്യയെപ്പോലെയും ഇരിക്കുന്നു, ഇച്ചൊന്ന ഗുണം ആറും ഉള്ളവൾ ധർമ്മപത്നിയെന്നറിക.

സ്നാതമശ്വം ഗജം മത്തം വൃഷഭം കാമമോഹിതം
ശ്രുദ്രമക്ഷരസംയുക്തം ദൂരതഃ പരിവർജ്ജയേൽ.

അത്ഥം–കുളിച്ചുവരുന്ന കുതിരയുടേയും മദിച്ചുവരുന്ന ആനയുടേയും പശുവിൻപിമ്പേ വരുന്ന കാളയുടേയും വിദ്യാഭ്യാസം ചെയ്തശ്രുദ്രരുടേയും അടുക്കൽ ചെല്ലരുതെന്നറിക.

ഉപകാരോപി നീചാനാമപകാരായ വർത്തതേ.
പയഃ പാനം ഭുജംഗസ്യ കേവലം വിഷവർദ്ധനം.

അത്ഥം–ദുർജ്ജനത്തിനുപകാരംചെയ്താൽഉപദ്രവം

അനുഭവിക്കും. പാമ്പിനു പാൽകൊടുത്താൽ വിഷംവർദ്ധിക്കുന്നു, ആയതുപോലെ എന്നറിക.

ഏകധാ ദശധാ ചൈവ ശതധാച സഹസ്രധാ
രണേ പാത്ഥശരോവൃഷ്ടിർദ്ദാനം ബ്രഹ്മവിധേയഥാ.

അർത്ഥം–അർജ്ജുനന്റെ അമ്പ് എട്ടുപ്രാവശ്യം ഒന്ന്, തൊട്ടുപ്രാവശ്യം പത്തു്, അയയ്ക്കുമ്പോഴും നൂറു്, വഴിക്കു് ആയിരം, കൊള്ളുമ്പോഴും ശരവർഷം, എന്നപോലെ ബ്രഹ്മജ്ഞാനിയുടെ കൈയിൽ കൊടുത്ത ദാനഫലമെന്നറിക.

അശ്വപ്രയാണാംബുദഗർജ്ജിതഞ്ച
സ്ത്രീണാഞ്ചചിത്തം പുരുഷസ്യ ഭാഗ്യം
അവർഷണഞ്ചാപ്യതി വർഷണഞ്ച
ദേവോ ന ജാനാതി കുതോ മനുഷ്യഃ

അർത്ഥം–കുതിരച്ചാട്ടവും ഇടിവെട്ടുകയും സ്ത്രീകളുടെ ഹൃദയവും പുരുഷന്റെ ഭാഗ്യവും വർഷമില്ലാത്തതും വർഷമേറുന്നതും ദേവകൾക്കുപോലും അറികുവയ്യാ. പിന്നെ മനുഷ്യൻ എങ്ങനെയറിയുന്നു എന്നറിക.

ലക്ഷ്മീർലക്ഷണഹീനേച കുലഹീനേ സരസ്വതീ
അപാത്രേ ലഭതേ നാരീ മേഘവർഷന്തു പർവ്വതേ.

അർത്ഥം–ശ്രീഗവതി വൃത്തിയില്ലാത്തവങ്കലും സരസ്വതി നീചകുലത്തിങ്കലും സ്ത്രീകൾ യോഗ്യനല്ലാത്തവങ്കലും വർഷം പർവ്വതത്തിന്മേലും തുല്യം എന്നു് അറിക.

അസന്തുഷ്ടോദ്വിജോനഷ്ടസ്സന്തുഷ്ടഃ ക്ഷത്രിയസ്തഥാ
സലജ്ജാഗണികാനഷ്ടാ നിർല്ലജ്ജാതുകുലാംഗനാ.

അർത്ഥം–സന്തോഷമില്ലാത്ത ബ്രാഹ്മണനും സന്തോഷത്തോടുകൂടിയ ക്ഷത്രിയനും ലജ്ജയുള്ള വേശ്യയും ലജ്ജയില്ലാത്ത കുലസ്ത്രീയും നഷ്ടമായിപ്പോകുമെന്നറിക.

സത്യേന ലോകം ജയതി ദാനൈർജ്ജയതിദീനതാം
ഗുരുൻശ്രുശ്രൂഷയാജീയാദ്ധനുഷാ ഏവശാത്രുവാൻ.

അർത്ഥം–ജനങ്ങളെ സത്യംകൊണ്ടും ദീനതയെ ദാനങ്ങളെക്കൊണ്ടും ഗുരുഭൂതരെ ശുശ്രൂഷയെക്കൊണ്ടും ശത്രുക്കളെ ആയുധംകൊണ്ടും ജയിക്കണം എന്നറിക.

പുഷ്പേഷുജാതീ പുരുഷേഷു വിഷ്ണുർ
നാരീഷുരംഭാ നഗരീഷുകാഞ്ചീ
നദീഷുഗംഗാ നരപേഷുരാമഃ
കാവ്യേഷുമാഘഃ കവികാളിദാസഃ

അർത്ഥം–പുഷ്പങ്ങളിൽ പിച്ചകവും പുരുഷന്മാരിൽ വിഷ്ണുവും സ്ത്രീകളിൽ രംഭയും പട്ടണങ്ങളിൽ കാഞ്ചീപുരവും നദികളിൽ ഗംഗയും രാജാക്കന്മാരിൽ ശ്രീരാമനും കാവ്യങ്ങളിൽ മാഘവും കവികളിൽ കാളിദാസനും വൈശിഷ്ട്യത്തെ വഹിക്കുന്നു എന്നറിക.

ജനിതാചോപനേതാചയസ്തു വിദ്യാംപ്രയച്ഛതി
അന്നദാതാഭയത്രാതാപഞ്ചൈതേപിതരഃസ്മൃതാഃ

അർത്ഥം–ഉല്പാദിപ്പിച്ചവനും ഉപനയിപ്പിച്ചവനും വിദ്യ പഠിപ്പിച്ചവനും ചോറുകൊടുത്തവനും പ്രാണഭയത്തിങ്കൽ രക്ഷിച്ചവനും ഇവരഞ്ചു പേരും പിതാക്കന്മാരാകുന്നു.

ഗുരുപത്നീ രാജപത്നീ ജ്യേഷ്ഠപത്നീ തഥൈവ ച
പത്നീ മാതാസ്വമാതാചപഞ്ചൈതേമാതരഃസ്മൃതാഃ

അർത്ഥം–ഗുരുപത്നിയും രാജപത്നിയും ജ്യേഷ്ഠപത്നിയും പത്നിയുടെമാതാവും തന്റെ മാതാവും ഇവരെവരും മാതാക്കളെന്നറിക.

ശകടംപഞ്ചഹസ്തേഷുദശഹസ്തേഷു വാജിനം
ഗജം ഹസ്തസഹസ്രേഷു ദുർജ്ജനം ദൂരതസ്ത്യജേൽ

അർത്ഥം–ചാട്ടിനു് അഞ്ചുകോലകലവും കുതിരയ്ക്കു് പത്തുകോലകലവും ആനയ്ക്കു് ആയിരം കോലകലവും ദുർജ്ജനത്തിനു് അളവില്ലാത്ത അകലവും നൽകണമെന്നറിക.

പിതാരക്ഷതികൗമാരേ ഭർത്താരക്ഷതി യൗവ്വനേ
പുത്രോരക്ഷതിവാർദ്ധ്യക്യേനസ്ത്രീ സ്വാതന്ത്ര്യമർഹതി

അർത്ഥം–സ്ത്രീയെ ബാല്യത്തിൽ അച്ഛനും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും രക്ഷിക്കണം. സ്ത്രീ സ്വാതന്ത്ര്യമുള്ളവളായി നടക്കരുതെന്നറിക.

സർപ്പഃക്രൂരഃഖലഃ ക്രൂരഃ സർപ്പാൽ ക്രൂരതരഃഖലഃ
മന്ത്രൌഷധവശഃ സർപ്പഃ കിമുദഷ്ടോ യേങ്കരഃ

അർത്ഥം–പാമ്പിന്റെ വിഷത്തിലും വലിപ്പം ദുഷ്ടയ്ക്കേറും. പാമ്പിന്റെ വിഷം മന്ത്രംകൊണ്ടും ഔഷധംകൊണ്ടും തീരും. ദുർജ്ജനത്തിന്റെ വിഷംഒന്നുകൊണ്ടും തീരാ എന്നറിക.

ആയുഃകർമ്മച വിത്തഞ്ചവിദ്യാനിധനമേവച
പഞ്ചൈതേനനുക ല്പ്യന്തേഗർഭസ്തോവേനദേഹിനാം

അർത്ഥം–ആയുസ്സും വ്യാപാരവും ഐശ്വര്യവും

വിദ്യയും മരണവും ഗർഭപാത്രത്തിൽനിന്നതന്നെ കല്പിക്കുന്നതാകയാൽ ദേഹികൾക്കു ശക്തി വിഷയമല്ലെന്നറിക.

നവിഷം വിഷമിത്യാഹുർ ബ്രഹ്മസ്വം വിഷമുച്യതേ,
വിഷമേകാകിനം ഹന്തി ബ്രഹ്മസ്വം പുത്രപൗത്രകം.

അർത്ഥം–കാളകൂടാദിവിഷങ്ങളാൽ ഒരുത്തനേ മൃതിയുള്ളൂ. ബ്രഹ്മസ്വവിഷം മൂന്നുതലമുറയ്ക്കും അനുഭവിക്കുമെറിക.

ദരിദ്രത്വേ ദ്വിഭാര്യാത്വം പഥിക്ഷേത്രം കൃഷിദ്വയം
പ്രാതിഭാവ്യമ്പഞ്ചസാക്ഷിത്വം പഞ്ചാനർത്ഥാഃ സ്വയം കൃതാഃ

അ–ദാരിദ്ര്യമുള്ളവന്നു രണ്ടു ഭാര്യയും പെരുവഴിയിൽ ഗൃഹം തീക്കയും രണ്ടിടങ്ങളിൽ കൃഷിചെയ്കയും സാക്ഷിനില്ക്കയും തൻകയ്യില്ലുള്ളതും ഇവ അഞ്ചും താനുണ്ടാക്കുന്ന അനർത്ഥങ്ങളാണെന്നറിക.

ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർ ഗ്രഹപീഡനം
മതിമതാഞ്ചസമീക്ഷ്യ ദരിദ്രതാം
വിധിരഹോ ബലവാനിതി മേ മതിഃ

അർത്ഥം–ഗജത്തേയും പാമ്പിനേയും പക്ഷിയേയും ബന്ധനം ചെയ്യുന്നതും ആദിത്യചന്ദ്രന്മാക്കു ഗ്രഹണമുണ്ടായി പീഡവരുന്നതും ബഹുബുദ്ധിമാന്മാരായ ജനങ്ങൾക്കു ദാരിദ്ര്യം അനുഭവിക്കുന്നതും ഇവയൊക്കെയും കണ്ടാൽ വിധിയെ നീക്കിക്കൂടാ എന്നറിയേണ്ടതാകുന്നു.

രൂപയൗവനസമ്പന്നാ വിശാലകുലസംഭവാഃ
വിദ്യാഹീനാ ന ശോഭന്തേ നിർഗ്ഗന്ധാ ഇവ കിംശുകാ

അ–യാവനൊരുത്തൻ സൗഭാഗ്യമുള്ളവനായാലും യൌവനയുക്തനായാലും നല്ല വംശത്തിൽ ജനിച്ചവനായാലും വിദ്യയില്ലാഞ്ഞാൽ ഗന്ധമില്ലാത്ത മുരിക്കിൻ പൂവുപോലെ എന്നറിയുക.

ഏകഭാര്യാ ത്രയഃപുത്രാദ്വേഹലേ ദശധേനവഃ
മദ്ധ്യരാഷ്ട്രേ ഗൃഹം യേഷാമത്യന്തസുകൃതാശ്ചതേ.

അ–ഒരു ഭാര്യയും മൂന്നു പുത്രന്മാരും രണ്ടുജോഡികന്നംപത്തുപശുവും നാട്ടിൻനടുവിൽഗൃഹവും ഇങ്ങനെയുള്ളവർ അതിസുകൃതികളെന്നറിക.

വസ്ത്രമുഖ്യമലങ്കാരം ഘൃതമുഖ്യന്തു ഭോജനം
ഗണമുഖ്യന്തു നാരീണാം വിദ്യാമുഖ്യസ്സുപണ്ഡിതാഃ

അർത്ഥം–അലങ്കാരത്തിനു മുഖ്യം വസ്ത്രം, ഭക്ഷണ

ത്തിനുമുഖ്യം നെയ്യ്, സ്ത്രീക്കുമുഖ്യംഗ്രഹണബുദ്ധി,
വിദ്വാന്മാർക്കു മുഖ്യം ആത്മവിദ്യയെന്നറിക.

വാൽമീകം മധുഹാരശ്ച പൂർവ്വപക്ഷേതു ചന്ദ്രമാഃ
രാജദ്രവ്യഞ്ചഭൈക്ഷേഞ്ച സ്തോകസ്തോകേനവർദ്ധതേ.

അർത്ഥം–ചിതൽകൂട്ടിയ പുറ്റും ഈച്ചകൂട്ടിയ തേനും വെളുത്ത പക്ഷത്തിലെ ചന്ദ്രനും രാജദ്രവ്യവും ഭിക്ഷാർത്ഥവും കുറേശ്ശെകുറേശ്ശെ വർദ്ധിക്കുമെന്നറിക.

സത്യംമാതാപിതാജ്ഞാനം ധർമ്മോഭ്രാതാദയാസഖീ
ശാന്തിഃ പത്നീഃ ക്ഷമാപുത്രഃ ഷഡമീ മമബാന്ധവാഃ

അർത്ഥം–സത്യം അമ്മയായിട്ടും ജ്ഞാനം അച്ഛനായിട്ടും ധർമ്മബുദ്ധി അനുജനായിട്ടും ദയസഖിയായിട്ടും ദുഃഖസഹനം ഭാര്യയായിട്ടും കോപസഹനം പുത്രനായിട്ടും ഈ ആറു ബന്ധുക്കളോടുകൂടി ഇരിക്കുന്നവൻ ഉത്തമനെന്നറിക.

ആയുഷഃഖണ്ഡമാദായ രവിരസ്തമയം ഗതഃ
അഹന്യഹനിബോധവ്യം കിമേതൽസുകൃതംകൃതം.

അർത്ഥം–ആദിത്യൻ ദിവസംപ്രതിഉദിച്ചു് അസ്തമിക്കുന്ന സമയം ജനങ്ങളുടെ ആയുസ്സിന്റെ ഒരു ഭാഗവുംകൂടി കൊണ്ടുപോകുന്നു എന്നറിഞ്ഞു് വ്യസനിച്ചു സൽക്കർമ്മം ചെയ്തുകൊള്ളണം.

മാദ്യാത്ഖലസംഘേഷു കല്പനാമധുരാഗിരഃ
യഥാവാനരഹസ്തേഷു കോമളഃ കുസുമസ്രജഃ

അർത്ഥം–ദുർജ്ജനങ്ങളോടുനല്ലവാക്കു പറഞ്ഞാൽ നല്ല പുഷ്പംകൊണ്ടുള്ള മാല കുരങ്ങിന്റെ കയ്യിൽ കൊടുത്തതുപോലെയെന്നറിക.

ബാലാർക്കഃപ്രേതധൂമശ്ച വൃദ്ധസ്ത്രീ പലലോദകം
രാത്രൗദധ്യന്നഭക്ഷിതിശ്ച രോഗവൃദ്ധിർ ദിനേദിനേ.

അർത്ഥം–കാലത്തെവെയിൽകൊള്ളുകയും പ്രേതധൂമമേല്ക്കുകയും വൃദ്ധസ്ത്രീയോടുകൂടി ശയിക്കയും ചീത്തജലത്തിൽ കുളിക്കുകയും പചിക്കയും രാത്രിയിൽ തൈർ കൂട്ടുകയും ചെയ്താൽ ദിവസംപ്രതി രോഗം വർദ്ധിക്കുമെന്നറിക.

വൃദ്ധാർക്കോ ഹോമധൂമശ്ച ബാലസ്ത്രീനിർമ്മലോദകം
രാത്രൗ ക്ഷീരാന്നഭക്ഷിതിശ്ച ആയുർവർദ്ധനമുത്തമം

അർത്ഥം–വൈകുന്നേരത്തെവെയിൽകൊള്ളുകയും ഹോമധൂമമേല്ക്കുകയും ബാലസ്ത്രീയോടുകൂടിശയി

ക്കയും തെളിഞ്ഞ വെള്ളത്തിൽ കുളിക്കയുംകൂടി ക്കയും പചിക്കയും രാത്രിയിൽ പാൽകൂടിക്കയും ചെയ്താൽ ദിവസംപ്രതി ആയുസ്സു വർദ്ധിക്കു മെന്നറിക.

അർത്ഥഃഗൃഹേ നിവർത്തന്തേ ശ്മശാനേപുത്ര ബാന്ധവാഃ
സുകൃതം ദുഷ്കൃതംചൈവഗച്ഛന്തമനുഗച്ഛതി.

അർത്ഥം–അർത്ഥംവളരെ സമ്പാദിച്ചാലും ഗൃഹ ത്തിൽ നിവർത്തിക്കും. പുത്രന്മാരും ബന്ധുക്കളും ശ്മശാനത്തിൽ നിവർത്തിക്കും. തന്റെ പുണ്യ പാപങ്ങളും മാത്രം മരിച്ചുപോകുമ്പോൾ കൂടെ പോകുമെന്നറിക.

ധർമ്മോ ജയതി നാധർമ്മഃ സത്യം ജയതിനാനൃതം
ക്ഷമാ ജയതി ന ക്രോധോവിഷ്ണുർജ്ജയതി നാസുരഃ

അർത്ഥം–ധർമ്മം ജയിക്കും, അധർമ്മം ജയിക്ക യില്ല. സത്യം ജയിക്കും, അസത്യം ജയിക്കയി ല്ല. ക്ഷമ ജയിക്കും, കോപം ജയിക്കയില്ല. വിഷ്ണുജയിക്കും, അസുരൻജയിക്കയില്ലെന്നറിക.

ധാന്യ സംഗ്രഹശീലത്വം വത്സപോഷസ്സ്വയംകൃഷിഃ
പ്രധാനസേവാമാധുര്യം പഞ്ചാഭിർവർദ്ധതേകുലം.

അർത്ഥം–നെല്ല കൈവിടാതെ സൂക്ഷിക്കുകയും പശുക്കിടാങ്ങൾക്കു് പാലു്, കഞ്ഞി, പുല്ലു് മുതലായതു കൊടുത്തു വളർത്തുകയും താൻതന്നെ കൃഷി ചെയ്കയും പ്രധാനന്മാരെസേവിക്കയും എല്ലാവരോടും നല്ലവാക്കു പറയുകയും ഇതഞ്ചും വംശവർദ്ധനം എന്നറിക.

രാജവൽപഞ്ചവർഷാണി ദശവർഷാണി ദാസവൽ
പ്രാപ്തേ ഷോഡശവർഷേതു പുത്രംമിത്രവദാചരേൽ

അർത്ഥം–പുത്രന്മാരെ അഞ്ചുവയസ്സുവരെരാജാവി നെപ്പോലെയും പതിനഞ്ചുവയസ്സോളം ഭൃത്യനെ പ്പോലെയും പതിനാറുവയസ്സായാൽ ബന്ധുക്ക ളെപ്പോലെയും വിചാരിച്ചു നടക്കണമെന്നറിക.

മൂർഖശിഷ്യോപദേശേന ദുഷ്ടസ്ത്രീസംഗമേന ച
ദുഃഖിതാം സമ്പ്രയോഗേന പണ്ഡിതോപി
വിനശ്യതി.

അർത്ഥം–മൂർഖന്മാരായ ശിഷ്യന്മാർക്കു് വിദ്യ ഉപ ദേശിച്ചുകൊടുത്താലും ദുഷ്ടസ്ത്രീയോടു് സംഗമം ചെയ്താലും ശത്രുക്കളോടുസംസർഗ്ഗംചെയ്താലും വി ദ്വാനായിരിക്കുന്നവനും നാശം വരുമെന്നറിക.

ആപദാർത്ഥം ധനം രക്ഷേൽ ശ്രീമതാമാപദഃ കുതഃ
സാചേദപഹരേൽ ലക്ഷ്മീസ്സഞ്ചിതന്തു വിനശ്യതി.

അർത്ഥം–ആപത്തുകളെ നീക്കാൻവേണ്ടി ധനത്തെ അനാവശ്യമായി ചെലവിടാതെ രക്ഷിക്കണം. സമ്പത്തുണ്ടായാൽ ആപത്തുകളും വരികയില്ല. സമ്പത്തിനെ ഉണ്ടാക്കാതെ തുമ്പുകേടായിചെലവുചെയ്ക പണം മുടിച്ചാൽ പൂർവ്വന്മാർ സമ്പാദിച്ചതും നശിച്ചുതുടങ്ങുമെന്നറിക.

അനിത്യാനിശരീരാണി വൈഭവം നവശാശ്വതം
നിത്യസന്നിഹിതോമൃത്യുഃകർത്തവ്യോധർമ്മസംഗ്രഹഃ

അർത്ഥം–ശരീരങ്ങളും ഗൃഹധനതാരണാദികളും നശിക്കുന്നവയാകുന്നു. മൃത്യു എല്ലാ സമയത്തും അടുത്തു നില്ക്കുന്നു. ആയതുകൊണ്ട് സുകൃതം സമ്പാദിച്ചുകൊള്ളണമെന്നറിക.

അശ്വത്ഥമേകം പിചുമന്ദമേകം
ന്യഗ്രോധമേകം ദശതിന്ത്രിണീശ്ച
കപിത്ഥവില്വാമലകത്രയശ്ച
പഞ്ചാമ്രനാളീ നരകം ന യാതി.

അർത്ഥം–ഒരു ആലും ഒരു വേപ്പും ഒരു പേരാലും പത്തുപുളിയും മൂന്നു വിളാർമരവും മൂന്നുകൂവളവും മൂന്നു നെല്ലിയും അഞ്ചു മാവും അഞ്ചു തെങ്ങും നട്ടുണ്ടാക്കിയാൽ അവനു നരകമില്ലെന്നറിക.

ഗുളപർവതമദ്ധ്യസ്ഥം നിംബബീജം പ്രതിഷ്ഠിതം
പയോവർഷസഹസ്രേണ നിംബഃകിംമധുരംയതേ.

അർത്ഥം–ശർക്കരക്കുന്നിന്മേൽ വേപ്പിൻവിത്തുനട്ട് ഏറിയകാലം പാൽകൊണ്ട് വർഷിച്ചാലും വേപ്പു കയ്പുതീർന്നു മധുരിക്കയില്ലെന്നറിക.

പരോപിഹിതവാൻ ബന്ധുഃ
ബന്ധുരപ്യഹിതഃപരഃ
അത്യർത്ഥം ദോഷിതംവ്യാധേർ,
ഹിതമാരണ്യമൌഷധം.

അർത്ഥം–ശത്രുവാകിലും ഗുണം ചെയ്യുന്നവൻ ബന്ധുവാകുന്നു. ബന്ധുവാകിലും ദോഷം ചെയ്യുന്നവൻ ശത്രുവാകുന്നു. വ്യാധിക്കു ഉസ്സാദുള്ള ഔഷധം പോലെ എന്നറിക.

പുസ്തകസ്ഥാപിതാ വിദ്യാപരഹസ്തഗതം ധനം
ദേശാന്തരഗതഃ പുത്രോ നാമമാത്രമുപാചരേൽ.

അർത്ഥം–പുസ്തകത്തിൽ ഇരിക്കുന്ന വിദ്യയും മറെറാരുത്തന്റെ കയ്യിൽ കൊടുത്തിരിക്കുന്ന

ധനവും അന്യദേശത്തു പാർക്കുന്നപുത്രനും പേർ പറവാനേഉള്ള എന്നറിക.

ദശവൈദ്യസമാപത്നീ ദശപത്നീസമോ രവിഃ
ദശസൂര്യസമാ മാതാ ദശമാതൃഹരീതകീ

അർത്ഥം–പത്തു വൈദ്യൻ ചികിത്സിച്ച ഫലം ചെയ്യും ഒരു ഭാര്യ. പത്തുഭാര്യശുശ്രൂഷിച്ചഫലം ചെയ്യും ഒരു ആദിത്യൻ. പത്തു് ആദിത്യൻചെയ്യുന്ന ഗുണം ഒരു മാതാവുചെയ്യും. പത്തുമാതാവു ചെയ്യുന്ന ഗുണം ഒരു കട്ടക്കാ ചെയ്യുമെന്നറിക.

കാകൈഃ കൃതേന ദോഷേണ
ഹംസോ ഭവതി ഹിംസിതഃ
ഏവം ദുർജ്ജന സംസർഗ്ഗാൽ
സൽപുത്രോപി വിനശ്യതി

അർത്ഥം–രാത്രിയിൽ ദുഃഖിച്ചുവന്ന കാക്കയെ രക്ഷിച്ച അരയന്നങ്ങൾ നശിച്ചു പോയതു പോലെ ദുർജ്ജനസംസർഗ്ഗംകൊണ്ടു് സൽപുത്രനും ദോഷം ഭവിക്കുമെന്നറിക.

അഹോപ്രകൃതിസാദൃശ്യം ശ്ലേഷ്മണോദുർജ്ജനസ്യച
മധുരൈഃകോപമായാതി കടുകൈരുപശാമ്യതി

അർത്ഥം–കഫത്തിന്റെയും ദുർജ്ജനത്തിന്റെയും സാദൃശ്യം ആശ്ചര്യംതന്നെ. മധുരംകൊണ്ടു് കോപിക്കും ക്രൂരംകൊണ്ടു ശമിക്കുമെന്നറിക.

മരണാന്താനി വൈരാണീ
പ്രസവാന്തം ച യൌവനം
കോപിതാ പ്രണതാന്താഹി
യാചിതാന്തം ച ഗൌരവാ

അർത്ഥം–വൈരം മരിക്കുന്നതുവരെയും യൌവനം പ്രസവിക്കുന്നതുവരെയും കോപം നമസ്കരിക്കുന്നതുവരെയും മാനം യാചിക്കുന്നതുവരെയും ഉള്ള എന്നറിക.

നഷ്ടംകുലം ഭിന്നതടാകരൂപം
വിഭ്രഷ്ടരാജ്യം ശരണം ഗതഞ്ച
ഗോബ്രാഹ്മണാൻ ദേവഗൃഹഞ്ച ശൂന്യം
യോധാരയേൽ പൂർവചതുർഗ്ഗണഞ്ച

അർത്ഥം–നഷ്ടമായ കുലത്തേയും ഇടിഞ്ഞതകുളത്തേയും തുന്ന കീണറിനേയും രാജ്യഭ്രഷ്ടനായ രാജാവിനേയും പശുക്കളേയും ബ്രാഹ്മണരേയും അഴിഞ്ഞ ദേവാലയത്തേയും ഇവയെല്ലാം നന്നാക്കിരക്ഷിച്ചാൽ നാന്മടങ്ങു് ഫലമെന്നറിക.

ഉത്തമംകൃഷിവാണിഭം മദ്ധ്യമംകൃഷിവാണിഭം
അധമം സേവയാവൃത്തിർ വിഷമം ഭാരജീവനം

അ–സംഗീതസാഹിത്യാദികളും കൊണ്ടുള്ളജീവനംഉത്തമം; കൃഷി കച്ചവടം മദ്ധ്യമം; സേവാവൃത്തിഅധമം; ചുമടുചുമക്കുന്നതസാദ്ധ്യമെന്നറിക

അളിരന്ധ്രസരതി പരിമളം
ലക്ഷ്മീരന്ധ്രസരതി നയനനിപുണം
നിമ്നന്ധ്രസരതി സലിലം
വിധിലിഖിതം ബുദ്ധിരന്ധ്രസരതി

അ–വണ്ട് സുഗന്ധപുഷ്പം അന്വേഷിക്കും. ശ്രീഭഗവതി നയനഗ്രഹണമുള്ളവരെ അന്വേഷിക്കും. വെള്ളം താഴ്ന്നതലത്തെ അന്വേഷിക്കും.ബ്രഹ്മകല്പനയെ ബുദ്ധി അനുസരിക്കുമെന്നറിക.

ദുർജ്ജനം കാഞ്ചനം ഭേരീ ദുഷ്ടാശ്വം ദുഷ്ടയോഷിതഃ
ഇക്ഷുദണ്ഡസ്ഥിലം രുദ്രം മർദ്ദനാൽ ഗുണവർദ്ധനം

അ–ദുർജ്ജനവും,പൊന്നും,ചെണ്ടയും, ദുഷ്ടക്കുതിരയും,ദുഷ്ടസ്ത്രീയും, കരിമ്പും,എള്ളും, രുദ്രരുംമർദ്ദിക്കുന്നിടത്തോളം ഗുണം വർദ്ധിക്കുമെന്നറിക.

മൃഷ്ടാന്നദാതാ ശരണാഗ്നിഹോത്രീ
വേദാന്തവിൽ ചന്ദ്രസഹസ്രജീവീ
മാസോപവാസീ ച പതിവ്രതാ ച
ഷഡ്ജീവലോകേ മമ വന്ദനീയാഃ

അർത്ഥം–ഇഷ്ടദ്രവ്യം കൂട്ടി തൃപ്തിവരുവോളം ഭക്ഷണം കൊടുക്കുന്നവനേയും, അഗ്നിഹോത്രം മുടക്കാതെ ചെയ്യുന്നവനേയും, വേദാന്തമറിഞ്ഞവനേയും, ആയിരം പൂർണ്ണചന്ദ്രനെ കണ്ടവനേയും, മാസോപവാസം ചെയ്യുവനേയും ഭർത്താവിന്റെ ഇച്ഛയ്ക്ക തക്കവണ്ണം ഇരിക്കുന്നവളേയും കണ്ടാൽ വന്ദിക്കണമെന്നറിക.

മക്ഷികാവ്രണമിച്ഛന്തി ധനമിച്ഛന്തി പാർത്ഥിവാഃ
നീചഃകലഹമിച്ഛന്തിസന്ധിമിച്ഛന്തിപണ്ഡിതാഃ

അർത്ഥം–ഈച്ചകൾ വ്രണത്തെ ഇച്ഛിക്കുന്നു. രാജാക്കൾ ധനത്തെ ഇച്ഛിക്കുന്നു. നീചന്മാർ കലഹത്തെ ഇച്ഛിക്കുന്നു. സജ്ജനങ്ങൾതമ്മിൽ ചേർക്കാൻ ഇച്ഛിക്കുന്നു എന്നറിക.

രവിസന്നിധിമാത്രേണ സൂര്യകാന്തപ്രകാശയേൽ
ഗുരുസന്നിധിമാത്രേണശിഷ്യജ്ഞാനംപ്രകാശയേൽ

അർത്ഥം–ആദിത്യന്റെ സാന്നിദ്ധ്യം കൊണ്ട് സൂര്യകാന്തം പ്രകാശിക്കും. ഗുരുസാന്നിദ്ധ്യം കൊണ്ട ശിഷ്യജ്ഞാനം പ്രകാശിക്കുമെന്നറിക.

ആദാതാ പുരുഷസ്ത്യാഗീ ധനം സഞ്ചിന്ത്യഗച്ഛതി
ദാതാരം കൃപണംമന്യേ മൃതോപ്യർത്ഥം ന മുഞ്ചതി.

അർത്ഥം–ദാനം ചെയ്യാതെ മനുഷ്യൻ മരിക്കുമ്പോഴും ധനം ഉപേക്ഷിച്ചു ദുഃഖിച്ചു മരിക്കുന്നു, ദാനം ചെയ്യുന്നമനുഷ്യർ മരിക്കുമ്പോഴും ആ ഫലത്തെകൂടികൊണ്ടുപോകുന്നതുകൊണ്ട് ഏറെ ലുബ്ധർ ദാനം ചെയ്യുന്നവരാണ് എന്ന് ഞാൻ വിചാരിക്കുന്നു.

മാതൃവൽപരദാരാണി പരദ്രവ്യാണി ലോഷ്ടുവൽ
ആത്മവൽസർവഭൂതാനി യഃ പശ്യതി സപണ്ഡിതഃ

അർത്ഥം–പരസ്ത്രീയെ അമ്മയെപ്പോലെയും പരദ്രവ്യത്തെ മൺകട്ട എന്നപോലെയും സകല ജീവജാലങ്ങളെ തന്നെപ്പോലെയും വിചാരിക്കുന്നവൻ വിദ്വാനെന്നറിക.

ഉല്പലസ്യാരവിന്ദസ്യ മത്സ്യസ്യ കുമുദസ്യ ച ഏക
യോനിപ്രസൂതാനാം തേഷാംഗന്ധം പൃഥക് പൃഥക്.

അർത്ഥം–കരിംകൂവളവും താമരപ്പൂവും മത്സ്യവും ആമ്പൽപ്പൂവും വെള്ളത്തിൽതന്നെ ഉണ്ടാകുന്നതാണെങ്കിലും, ഇവറ്റിന്റെ ഗന്ധം വെവ്വേറെയാകുന്നു എന്നതുപോലെ മനുഷ്യരുടെബുദ്ധിയും വരുമെന്നറിക.

ന ദേവേഭ്യോ ന വിപ്രേഭ്യോ
ന ബന്ധുഭ്യോ ന ചാത്മനേ
ജലാരിനൃപചോരേഭ്യോ
നിശ്ചയം ധന നാശനം.

അർത്ഥം–ദേവന്മാർക്കും ബ്രാഹ്മണർക്കും ബന്ധുക്കൾക്കും കൊടുക്കാതെയും തന്റെ ആത്മാവിനു വേണ്ടംവണ്ണം അനുഭവിക്കാതെയും നേടിയ അർത്ഥം ജലംകൊണ്ടും ശത്രുക്കളെക്കൊണ്ടും രാജാവിനെകൊണ്ടും കള്ളന്മാരെക്കൊണ്ടും ഇങ്ങനെ നാലുപ്രകാരത്തിൽ നശിക്കുമെന്നറിക.

വ്യസനേവാർത്ഥകൃച്ഛ്രേ വാ
ഭയേ വാ ജീവിതാവധൌ
വിമൃശൻസസ്വയംബുദ്ധ്യാ
കൃതാന്തംപ്രഹസിഷ്യതി.

അർത്ഥം–ആപത്തുകളിലും ധനനാശത്തിങ്കലും ജീവിതാവധിയായിരിക്കുന്ന ഭയത്തിങ്കലും താൻതന്നെ ബുദ്ധികൊണ്ടു വിചാരിച്ച് ഉറയ്ക്കുന്നവൻ കൃതാന്തനെക്കൂടെ പ്രഹസിക്കുമെന്നറിക.

വസ്ത്രദാനഫലം രാജ്യം
പാദുകാഭ്യം ച വാഹനം
താംബൂലാൽഭോഗമാപ്നോതി
അന്നദാനാൽ ഫലത്രയം.

അർത്ഥം–വസ്ത്രം കൊടുത്താൽ രാജ്യം കിട്ടും. ചെരുപ്പുകൊടുത്താൽ വാഹനംകിട്ടും. വെറ്റില കൊടുത്താൽ സുഖാനുഭവംകിട്ടും. അന്നംകൊടുത്താൽ ഇവ മൂന്നും കിട്ടുമെന്നറിക.

കോകിലാനാം സ്വരം രൂപം
നാരീരൂപം പതിവ്രതാ
വിദ്യാരൂപശ്ച വിപ്രാണാം
ക്ഷമാരൂപം തപസ്വിനാം.

അർത്ഥം–കുയിലുകൾക്കു സ്വരം സൌന്ദര്യം, സ്ത്രീകൾക്കു പാതിവ്രത്യം സൌന്ദര്യം, ബ്രാഹ്മണർക്കു വിദ്യ സൌന്ദര്യം, തപസ്വികൾക്കു ക്ഷമ സൌന്ദര്യം എന്നറിക.

മുഖം പദ്മദളാകാരം വചശ്ചന്ദനശീതളം
ഹൃദയം വഹ്നിസന്തപ്തം ത്രിവിധംദുഷ്ടലക്ഷണം.

അർത്ഥം–മുഖം താമരപ്പൂപോലെ പ്രസന്നമായും വാക്കുചന്ദനംപോലെ തണുത്തും മനസ്സു് അഗ്നിപോലെജ്വലിച്ചും ഇരിക്കുന്നവൻദുഷ്ടനെന്നറിക.

പ്രഥമവയസിദത്തം തോയമല്പം സ്മരന്തഃ
ശിരസിനിഹിതഭാരാനാളികേരാ നരാണാം
സലിലമമൃതകല്പം ദദ്യുതാജീവിതാന്തം
നഹി കൃതമുപകാരം സാധവോ വിസ്മരന്തി.

അർത്ഥം–തെങ്ങു് ചെറുപ്പകാലത്തിൽ നനച്ച വെള്ളത്തെ സ്മരിച്ചു് മനുഷ്യർക്കു ഉപകാരമായി വളരെ നാളികേരം ചുമന്നു് നാശപര്യന്തം അമൃതതുല്യമായ ജലംനല്കുന്നതുപോലെ സജ്ജനങ്ങൾക്കു അല്പമായി ഉപകാരംചെയ്താൽ അവർ ദുഃഖിച്ചും വളരെപകാരംചെയ്യുമെന്നറിക.

വഹന്തി നദ്യഃ സ്വയമേവ വൃഷ്ടിഃ
ഖാദന്തി ന സ്വാദു ഫലാനി വൃക്ഷാഃ
പയോധരേണ പ്രഭുഹന്തി സസ്യാഃ
പരോപകാരായ ഭവന്തി സന്തഃ

അർത്ഥം–നദികൾ താനേ ഒഴുകുന്നതും മേഘങ്ങൾ വർഷിക്കുന്നതും വൃക്ഷങ്ങൾ പൂത്തു കായ്ക്കുന്നതും സസ്യങ്ങൾ മുളയ്ക്കുന്നതും ഇവയെന്താങ്ങൾക്കുവേണ്ടിയല്ല എന്നതുപോലെ സജ്ജനവും പരോപകരത്തിനായിക്കൊണ്ടെന്നറിക.

അക്ഷരംവിപ്രഹസ്തേന മാതൃഹസ്തേന ഭോജനം
ഭാര്യാഹസ്തേന താംബൂലം രാജഹസ്തേന കങ്കണം

അർത്ഥം–ബ്രാഹ്മണരോട്ട് അക്ഷരാഭ്യാസവും അമ്മയുടെ കൈകൊണ്ട് ഭോജനവും ഭാര്യയുടെ കൈകൊണ്ട് താംബൂലവും രാജാവിന്റെ കൈകൊണ്ട് കങ്കണവും കിട്ടണമെന്നറിക.

രജനികരശ്ശീതസ്യാദ്രജനികരാച്ചന്ദനോമഹാശീതഃ
രജനികരചന്ദനാഭ്യം സജ്ജനവചനാനിശീതാനി

അർത്ഥം–ചന്ദ്രൻ എത്രയും തണുപ്പ്, ചന്ദനം അതിലും തണുപ്പ്. ഇവ രണ്ടിലും തണുപ്പേറും സജ്ജനവാക്കിനു് എന്നറിക.

നാഗോഭാതിമദേന ഖം ജലധരൈഃ
പൂർണ്ണേന്ദുനാ ശർവരീ
ശീലേന പ്രമദാ ജവേന തുരഗോ
നിത്യോത്സവൈർ മന്ദിരം
വാണീവ്യാകരണേന ഹംസമിഥുനൈർ
നദ്യഃ സഭാ പണ്ഡിതൈഃ
സൽപുത്രേണ കുലം നൃപേണ വസുധാ
ലോകത്രയം ഭാനുനാ

അർത്ഥം–ആന മദംകൊണ്ടും, ആകാശം കാർമേഘംകൊണ്ടും, രാത്രി പൂർണ്ണചന്ദ്രനെകൊണ്ടും, സ്ത്രീകം സൌശീല്യംകൊണ്ടും, കുതിര വേഗംകൊണ്ടും, ഭവനം നിത്യസൌഖ്യങ്ങളെക്കൊണ്ടും, വാക്കു് വ്യാകരണംകൊണ്ടും; നദികകം ഹംസക്കൂട്ടംകൊണ്ടും, സഭ വിദ്വാന്മാരെക്കൊണ്ടും, കുലം സൽപുത്രനെക്കൊണ്ടും. ഭൂമി രാജാവിനെക്കൊണ്ടും, മൂന്നുലോകവും ആദിത്യനെകൊണ്ടും, ശോഭിക്കുമെന്നറിക.

സാസൂയോ f സത്യവാക് ചൈവ
കൃതഘ്നോ ദീർഘ വൈരവാൻ
ചത്വാരഃ കർമ്മചണ്ഡാലാ
ജാതി ചണ്ഡാലശ്ശൂദ്രവൽ

അ–അസൂയയുള്ളവനും പൊളിപറയുന്നവനും ഉപകാരം മറക്കുന്നവനും അന്തംകൂടാതെ വൈരം ഉള്ളവനുംഇവർനാലും കർമ്മചണ്ഡാലന്മാരാകുന്നു ജാതിചണ്ഡാലൻ ശൂദ്രനെപ്പോലെ എന്നറിക.

അസതാം ധർമ്മബുദ്ധിശ്ച
സതാം സന്താപകാരണം
ഉപോഷ്യൈകാദശീം വ്യാഘ്രഃ
പാരണാം പശു മാരണാൽ

അർത്ഥം–ദുഷ്ടന്മാരുടെ ധർമ്മം സത്തുക്കൾക്കു ദുഃഖമായേവരൂ. അതു പുലി ഏകാദശിനോറ്റാലും പാരണയ്ക്കു പശു എന്നപോലെ എന്നറിക.

പ്രാണമേകം പരിത്യജ്യ മാനമേവാഭിരക്ഷത്ര
അനിത്യാശ്ചധ്രുവാഃ പ്രാണ മാനമാചന്ദ്രതാരകം

അർത്ഥം–യശസ്സിൽ ഇച്ഛയുള്ളവൻ പ്രാണനേയുപേക്ഷിച്ചും മാനത്തെരക്ഷിക്കണം. അതു്എങ്ങനെയെന്നാൽ പ്രാണൻ നിത്യമല്ല. മാനംചന്ദ്രാദിത്യന്മാരുള്ളന്നേയ്ക്കും നിലനില്ക്കുമെന്നറിക.

ലബ്ധവിദ്യോ ഗുരുദ്വേഷ്യീ ലബ്ധഭാര്യസ്യ മാതരം
ലബ്ധപുത്രാ പതിംനാരീലബ്ധാരോഗ്യശ്ചികിത്സകം

അർത്ഥം–അസത്തുക്കൾക്കു വിദ്യ ലഭിച്ചാൽ ഗുരുവിനെ ദ്വേഷിക്കും. ഭാര്യയെ ലഭിച്ചാൽ മാതാവിനെ ദ്വേഷിക്കും. ഭാര്യ, പുത്രനുണ്ടായാൽ ഭർത്താവിനെ ദ്വേഷിക്കും. ചികിത്സ ചെയ്ത രോഗശമനം വന്നാൽ രോഗി വൈദ്യനെ ദ്വേഷിക്കുമെന്നറിക.

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ളകാലം?
കാരസ്കരത്തിൻകരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

അർത്ഥം–ഗുണമെങ്കിലും ദോഷമെങ്കിലും ചെറുപ്പത്തിൽ വശമായിപ്പോയതു പ്രാണാന്തത്തോളം മറക്കയില്ല. അതു കാഞ്ഞിരക്കരു എത്രകാലം പാലിൽ കിടന്നാലും കയ്പു തീരുകയില്ലെന്നവണ്ണമെന്നറിക.

ശിരസ്സുപുഷ്പം ചരണം സുപാവനം
വരാംഗനാസേവനമല്പഭോജനം
അനംഗശയ്യാനനുപർവസംഗമോ
വിമുക്തലക്ഷ്യാഃ പുനരാഗമശ്ച

അർത്ഥം–യാതൊരുത്തൻ ശിരസ്സിൽ എപ്പോഴും നല്ല പുഷ്പം ധരിക്കയും പാദശുദ്ധിയോടും സുന്ദരസ്ത്രീയോടും കൂടിയിരിക്കയും കുറച്ചുണ്ണുകയും വെറും നിലത്തു കിടക്കായ്കയും വാവുകളിൽ സംഗം ചെയ്യാതെയും ഇരിക്കുന്നു; അവനു പോയ ശ്രീയും വന്നുകൂടുമെന്നറിക.

തനിക്കു കാര്യം ചെറുതില്ലയായ്കിൽ
ഒരുത്തനേറെത്തുനിയുന്നതാകാ
മരത്തിൽനിന്നിട്ടൊരു പൂളിളക്കീ–
ട്ടനർത്ഥമായ്വന്നു കപിക്കു പണ്ടു്,

അത്ഥം–തനിക്കു കാര്യമില്ലാത്തതിനു് ആരും ശ്രമിക്കരുതു്. അതു് പൂളിലിക്കിയ കുരങ്ങിന്റെ കഥപോലെ എന്നറിക.

വിദ്യാ വിവാദായ ധനം മദായ
ശക്തിഃ പരലോകനിപീഡനായ
ഖലസ്യ സാധോ വിപരീതമേതദ്
ജ്ഞാനായ ദാനായ ച രക്ഷണായ.

അത്ഥം–ദുഷ്ടനു വിദ്യയുണ്ടായാൽ വിവാദിക്കും. ധനമുണ്ടായാൽ മദമേറും. ശക്തിയുണ്ടായാൽ ജനങ്ങളെ പീഡിപ്പിക്കും. ഗുണവാനു് വിദ്യയുണ്ടായാൽ എല്ലാവക്കും അറിവിനെചൊല്ലിക്കൊടുക്കും. ധനമുണ്ടായാൽദാനംചെയ്യും. ശക്തിയുണ്ടായാൽ ജനങ്ങളെ രക്ഷിക്കുമെന്നറിക.

അനുചിതകർമ്മാരംഭഃ സംഘവിരോധോ
ബലീയസാ സ്പർദ്ധാ
പ്രമദാജനവിശ്വാസോ
നാശദ്വാരാണി ചത്വാരി.

അത്ഥം–യാതൊരുത്തനെങ്കിലും ഉചിതമല്ലാത്ത കർമ്മം തുടങ്ങുന്നതു്, സംഘം വിരോധിക്കയും ബലവാനോടു മത്സരിക്കുകയും ചെയ്യുന്നതു്, സ്ത്രീജനങ്ങളെ വിശ്വസിച്ചു പറയുന്നതു് ഇവ നാലും നാശത്തിനു വഴിയെന്നറിക.

കഃ കാലഃ കാനി മിത്രാണി
കോ ദേശഃ കൌ വ്യയാഗമൌ
കശ്ചാഹം കാ ച മേ ശക്തി–
രിതി ചിന്ത്യം മുഹുർമുഹുഃ

അത്ഥം–യാതൊരു കാര്യത്തിനും തുടങ്ങുമ്പോഴും കാലാവസ്ഥയും ബന്ധുബലവും ദേശാവസ്ഥയും ലാഭനഷ്ടവും താൻ ആരെന്നും തന്റെശക്തിയും വിചാരിച്ചിട്ടുവേണം തുടങ്ങുവാനെന്നറിക.

സിംഹാദേകം ബകാദേകം
ശിക്ഷേച്ചത്വാരി കുക്കുടാൽ
വായസാൽ പഞ്ചശിക്ഷേച്ച
ഷഡ്ശുനസ്ത്രീണിഗർദ്ദഭാൽ.

അത്ഥം–സിംഹത്തോടു് ഒരു ഗുണവും കൊക്കിനോടു് ഒരു ഗുണവും കോഴിയോടു് നാലു് ഗുണവും കാക്കയോടു് അഞ്ചു് ഗുണവും ശ്വാവിനോടു് ആറു് ഗുണവും ഗർദ്ദഭത്തിനോടു് മൂന്നു ഗുണവും പഠിപ്പാനുള്ളതാകുന്നു എന്നറിക.

പ്രവൃത്തം കാര്യമല്പം വായോ നരഃ കർത്തുമിച്ഛതി
സവ്വാരംഭേണതൽകാര്യംസിംഹാദേകം പ്രചക്ഷതെ

അർത്ഥം–വലുതായും ചെറുതായും ഉള്ളകാര്യം ചെയ്യാൻ ഇച്ഛിച്ചാൽ സവ്വയത്നത്തോടും കൂടി ചെയ്യണം. ഇതുസിംഹത്തിൽ നിന്നുപഠിക്കേണ്ടതാണു്.

ഇന്ദ്രിയാണിച സംയമ്യ ബകവൽപണ്ഡിതോനരഃ
ദേശകാലബലംജ്ഞാത്വാസവ്വകാര്യാണിസാധയേൽ

അർത്ഥം–കൊക്കിനെപ്പോലെ സവ്വഇന്ദ്രിയങ്ങളേയും സംയമം ചെയ്തുകൊണ്ടും ദേശകാലത്തിന്റെ ബലാബലം നോക്കിയും സവ്വകാര്യങ്ങളും സാധിക്കണം. ഈ ഗുണം കൊക്കിനോടു് പഠിപ്പാനുള്ളതാകുന്നു എന്നറിക.

പ്രാഗ്രഥാനഞ്ച യുദ്ധഞ്ച സംവിഭാഗഞ്ച ബന്ധുഷു
സ്വയമാക്രമ്യഭുക്ഷ്വഞ്ച ശിക്ഷേച്ചത്വാരികുക്കുടാൽ

അർത്ഥം–കാലങ്ങളിൽ ഉണരുകയും യുദ്ധംചെയ്യുയും ധാന്യങ്ങളെ സമ്പാദിച്ചാൽ തന്റെ ബന്ധുക്കൾക്കും കൊടുത്തു് താനും അനുഭവിക്കയുംതന്നത്താൻ വേലചെയ്തു ഭുക്തികഴിക്കയും ചെയ്യു. ഈ ഗുണംനാലുംകോഴിയോടു പഠിക്കണമെന്നറിക.

ഗൂഢമൈഥുനധീരത്വം കാലേകാലേ ച സംഗ്രഹം
അപ്രമത്തമവിശ്വാസം പഞ്ചശിക്ഷേച്ചവായസാൽ.

അർത്ഥം–ഗൂഢമൈഥുനവും, ധൈര്യവും, സമയങ്ങളിൽ ആഹാരസംഗ്രഹം ചെയ്യുയും, എത്രയും സൂക്ഷ്മത്തോടിരിക്കയും, യാതൊരുത്തനെയും വിശ്വസിക്കാതിരിക്കുകയും ഈ ഗുണമഞ്ചും കാക്കയോടു പഠിക്കണമെന്നറിക.

ബഹ്വാശീ സ്വൽപസന്തുഷ്ടഃ
സുനിദ്രോ ലഘുചേതനഃ
സ്വാമിഭക്തീ ച ശൂരത്വം
ഷഡേതേ ശ്വാനതോ ഗുണാഃ

അർത്ഥം–ലഭിച്ചാൽ വളരെ അനുഭവിക്കയും, അൽപത്തിനാലും സന്തോഷിക്കയും, നല്ലുറക്കത്തിലും ഉടനെ എഴുന്നേൽക്കുകയും, സ്വാമിയുടെ സേവയിൽ ജാഗ്രതയും ശൂരത്വവും ഈ ഗുണം ആറും നായോടു പഠിപ്പാനുള്ളതെന്നറിക.

സുശ്രാന്തോപി വഹേദ്ഭാരം
ശീതോഷ്ണൗ ന ച പശ്യതി
സന്തുഷ്ടശ്ചരതേനിത്യം
ത്രീണിശിക്ഷേച്ച ഗർദ്ദഭാൽ.

അർത്ഥം–അധികം ശ്രമിച്ചാലും പിന്നെയും ഭാരം എടുക്കയും ശീതോഷ്ണം കാണാതെ നടക്കയും എന്നും സന്തോഷമായി മേഞ്ഞുനടക്കയും ഈ ഗുണം മൂന്നും കഴുതയോട് പഠിപ്പാനുള്ളതാകുന്നു എന്നറിക.

യ ഏതാൻ വിംശതിഗുണാനാചരിഷ്യതി മാനവാഃ
കാര്യാവസ്ഥാസു സർവാസു വിജയീസംഭവിഷ്യതി,

അർത്ഥം–മേല്പറഞ്ഞ ഗുണം ഇരുപതും ഏതൊരു മനുഷ്യൻ ആചരിക്കുന്നുവോ അവൻ സർവകാര്യത്തിലും വിജയിയായിത്തീരുമെന്നറിക.

ചികിത്സകജ്യൌതിഷമന്ത്രവാദിനാം
ഗൃഹേഗൃഹേ ഭോജനമാദരേണ
അന്യാനിശാസ്ത്രാണിനുശിക്ഷിതാനി
പാനീയമാത്രം ന തു ദാപയന്തി.

അർത്ഥം–വൈദ്യന്മാക്കും ജ്യൌതിഷികന്മാക്കും മന്ത്രവാദികന്മാക്കും ഗൃഹംതോറും ആദരവോടുകൂടി ഭോജനം കൊടുക്കുന്നു. അന്യങ്ങളായിരിക്കുന്ന ശാസ്ത്രങ്ങളും പഠിച്ചിട്ടുള്ള വിദ്വാന്മാരെ അറിയായ്കയാൽ ദാഹിച്ചുവെള്ളംകൂടി കൊടുക്കുന്നതിനു സംഗതി വരുന്നില്ല എന്നറിക.

ആലസ്യോപഹതാവിദ്യാ പരഹസ്തഗതാഃ സ്ത്രീയാഃ
അല്പബീജം ഹതം ക്ഷേത്രം ഹതി സൈന്യമനായകം

അർത്ഥം–ആലസ്യംകൊണ്ടു വിദ്യയും മറ്റൊരുത്തന്റെ കൈയ്യിൽപോയ സ്ത്രീകളും യാതൊരു കണ്ടത്തിൽ വിത്തിട്ടാൽ പുഷ്ടിയായ മുളയില്ലയോ ആ കണ്ടവും യാതൊരു സൈന്യത്തിനു യജമാനൻ ഇല്ലാതായി വരുന്നുവോ ആ സൈന്യവും നശിച്ചു പോകുമെന്നറിക.

അപുത്രസ്യഗൃഹംശൂന്യംദിക് ശൂന്യാനുഹ്യബാന്ധവാ
മൂർഖസ്യഹൃദയംശൂന്യംസർവശൂന്യം ദരിദ്രതാ.

അർത്ഥം–കുട്ടികളില്ലാത്ത വീടും ബന്ധുക്കളില്ലാത്തദേശവും മൂർഖന്റെ ഹൃദയവും ശൂന്യമാകുന്നു. ദാരിദ്ര്യം വന്നവനു സർവ്വവും ശൂന്യമെന്നറിക.

വ്യാളാശ്രയാപി വിഫലാപി സകണ്ടകാപി
വക്രാപി പങ്കിലഭവാപി ദുരാസദാപി
ഗന്ധേനബന്ധുരിഹ കേതകപുഷ്പവല്ലീ
ഏകോഗുണഃഖലു നിഹന്തി സമസ്തദോഷാൻ.

അർത്ഥം–പാമ്പുള്ള സ്ഥലത്താകയും കായ്ക്കാത്ത മരമാകയും മുള്ളുകൊണ്ടു് അസഹ്യമാകയും വളഞ്ഞഇലയുള്ളതാകയും ചെളിയിൽ നില്ക്കുന്നതാകയും ഈവകദോഷങ്ങളെക്കൊണ്ടു് അടുക്കൽ ചെല്വാൻവഹിയാ എങ്കിലും സൌരഭ്യമാകുന്ന ഒരു പൂണ്ണ്ഗുണംകൊണ്ടു് കൈതപ്പൂവു് സകല ദോഷങ്ങളേയും കളയുന്നു എന്നറിക.

ഗുരുരഗ്നിർ ദ്വിജാതീനാം
വർണ്ണാനാം ബ്രാഹ്മണോ ഗുരു
പതിരേവ ഗുരു സ്ത്രീണാം
സർവസ്യാഭ്യാഗതോ ഗുരുഃ

അർത്ഥം–ബ്രാഹ്മണർക്കു് അഗ്നി ഗുരുവാകുന്നു. ക്ഷത്രിയാദി മൂന്നുവർണ്ണങ്ങൾക്കും ബ്രാഹ്മണൻ ഗുരുവാകുന്നു. സ്ത്രീകൾക്കുഭർത്താവു് ഗുരുവാകുന്നു. സർവ്വജനങ്ങൾക്കും അഭ്യാഗതൻ (വഴിപോക്കൻ) ഗുരുവാകുന്നു. മദ്ധ്യാഹ്നസമയത്തു് അന്നംയാചിച്ചുവന്നവൻ അഭ്യാഗതനെന്നറിക.

വിദ്യാവിഹീനേന കിം കുലീനേനദേഹിനാം
അകുലീനോപി വിദ്യാഢ്യോ ദൈവതൈരപിവന്ദ്യതേ.

അർത്ഥം–ഉത്തമവംശത്തിൽ ജനിച്ചാലും വിദ്യയില്ലാത്തവൻ ആരാലും മാന്യനല്ല. അധമവംശത്തിൽ ജയിച്ചാലും വിദ്വാനായാൽ ദേവകളും മാനിക്കുമെന്നറിക.

ഗുരുശ്രുശ്രൂഷയാവിദ്യ പുഷ്കലേന ധനേന വാ
അഥവാ വിദ്യയാവിദ്യാചതുർത്ഥന്നോപലഭ്യതേ.

അ:–എല്ലായ്പോഴും ഗുരുവിനെശ്രുശ്രൂഷിച്ചുവിദ്യ പഠിക്കണം. അല്ലെങ്കിൽദ്രവ്യംകൊണ്ടും ഗുരുവിനെതൃപ്തിവരുത്തി പഠിക്കണം. ആയതല്ലെങ്കിൽ ഒരു വിദ്യ അങ്ങോട്ടു പഠിപ്പിച്ചു് ഒരു വിദ്യ ഇങ്ങോട്ടുപഠിക്കണം. ഈ മൂന്നു വിധമല്ലാതെ നാലാമതു് ഒരു വിധം ഇല്ലെന്നറിക.

ജലബിന്ദു നിപാതേന ക്രമശഃ പൂര്യതേ ഘടഃ
തഥാഹി സർവവിദ്യാനാം കർമ്മസ്യ ച ധനസ്യ ച.

അ–മഴയത്തു് ഒരു കുടംവച്ചാൽ മഴത്തുള്ളികൊണ്ടു് ക്രമേണ കുടം നിറയുന്നതുപോലെ ധർമ്മവും ധനവും വിദ്യയും ക്രമേണ വർദ്ധിക്കുമെന്നറിക.

വിദ്യാശസ്ത്രഞ്ചശാസ്ത്രഞ്ചദേവവിദ്യാ പ്രതിപത്തയേ
ആദ്യാഹാസായവൃദ്ധതേ ദ്വിതീയാദ്ദ്രിയതേസദാ.

അ:–ആയുധവിദ്യയും ശാസ്ത്രവിദ്യയും വേണ്ടതു തന്നെ എങ്കിലും ആയുധവിദ്യ വയസ്സുകാലമായാൽ ഹാസ്യമായിത്തീരും. ശാസ്ത്രവിദ്യ എല്ലാകാലവും മാനിക്കപ്പെട്ടുമെന്നറിക.

കാമധേനുസമാവിദ്യാ സദൈവ ഫലദായിനീ
പ്രവാസേമാതൃവത്തസ്മാൽ വിദ്യാഹ്യപ്തം ധനംസ്മൃതം

അ–വിദ്യ കാമധേനുവിനെപ്പോലെ ഇഷ്ടമില്ലതൊക്കെത്തരും. വിശേഷിച്ചു് ദൂരയാത്രയിങ്കൽ അമ്മയെപ്പോലെ രക്ഷിക്കും. അതുകൊണ്ടു് വിദ്യ നിധിപോലെ ഗുഢമായിരിക്കുന്ന ധനമാകുന്നു എന്നറിക.

അനഭ്യാസേവിഷംവിദ്യ അജീർണ്ണേഭോജനം വിഷം
വിഷംസഭോദരിദ്രസ്യ വൃദ്ധസ്യ തരുണീ വിഷം

അർത്ഥം–അഭ്യാസമില്ലാത്തവനു വിദ്യവിഷമാകുന്നു. അജീർണ്ണമുള്ളവനു ഭോജനം വിഷം ആകുന്നു. ദരിദ്രനു് സഭ വിഷമാകുന്നു. വയസ്സനു് യൌവനയുക്തയായിരിക്കുന്ന സ്ത്രീ വിഷമാകുന്നു എന്നറിക.

വിദ്യാമിത്രം പ്രവാസേഷു ഭാര്യാമിത്രംഗൃഹേഷു ച
രോഗിണാമൌഷധംമിത്രം ധർമ്മോമിത്രംമൃതസ്യ ച

അർത്ഥം–യാത്രയിങ്കൽ വിദ്യ ബന്ധുവാകുന്നു. ഗൃഹത്തിൽ ഭാര്യ ബന്ധുവാകുന്നു. രോഗിക്കു് ഔഷധം ബന്ധുവാകുന്നു. മരിച്ചവനു സുകൃതം ബന്ധുവാകുന്നു എന്നറിക.

വിദ്യാപ്രശസ്യതേ ലോകൈർവിദ്യാസർവത്രഗൌരവാ
വിദ്യയാ ലഭതേ സർവം വിദ്വാൻസർവത്രപൂജ്യതേ.

അർത്ഥം–ലോകത്തിൽ പ്രശസ്യയായിട്ടും മാന്യയായിട്ടും ഉള്ളതു് വിദ്യയാകുന്നു. വിദ്വാനു് ഒരു വസ്തുവും ദുർല്ലഭമെന്നറിക.

വിദ്വത്വഞ്ചനൃപത്വഞ്ച നൈവതുല്യം കദാചന
സ്വരാജ്യേപൂജ്യതേരാജാ വിദ്വാൻ സർവത്രപൂജ്യതേ

അ–വിദ്വാനും രാജാവും സമന്മാരല്ല; നിശ്ചയം. അതു് എന്തെന്നാൽ രാജാവു് തന്റെ രാജ്യത്തിൽ മാത്രമേ മാനിക്കപ്പെടുന്നുള്ളൂ. വിദ്വാൻ

സകലരാജ്യങ്ങളിലും മാനിക്കപ്പെടുന്നു എന്നു അറിക.

ശുനഃപുച്ഛമിവവ്യർത്ഥം ജീവിതം വിദ്യയാ വിനാ
ന ഗുഹ്യഗോപനേ ശക്തം ന ച ദംശനിവാരണേ.

അർത്ഥം–വിദ്യയില്ലാത്തവന്റെ ജന്മം നായുടെ വാൽപോലെ നിഷ്ഫലമാകുന്നു. അതു് എന്തെന്നാൽ വാലു് ഗുഹ്യദേശം മറയ്ക്കുന്നതും ഈച്ചയാട്ടുന്നതും ഉപകാരമാകുന്നില്ല എന്നറിക.

തഥാ ƒ ഗാധഖനിത്രേണ ഭ്രതലേ വാരി വിന്ദതി
യഥാ ഗുരുഗതാം വിദ്യാ ശുശ്രൂഷുരധിഗച്ഛതി

അ–യാതൊരുപ്രകാരം കിണറു കുഴിക്കുന്നവനു് അഗാധമായ ഭ്രതലത്തിൽനിന്നുവെള്ളം ലഭിക്കുന്നുവോ അതുപ്രകാരം ഗുരുവിനെ ശുശ്രൂഷിക്കുന്ന ശിഷ്യനു് വിദ്യ ലഭിക്കുന്നു എന്നതറിക.

ശ്ലോകേനവാ തദർദ്ധേന തദർദ്ധാർദ്ധാക്ഷരേണവാ
അവന്ധ്യംദിവസം കുര്യാത്ധ്യാനാദ്ധ്യയന കർമ്മഭി

അ–ഒരു ശ്ലോകമോ പകുതിയോ അതിൽ പകുതിയോ ഒരക്ഷരമോ ഇടവിടാതെ ദിവസം പ്രതി പഠിക്കുന്ന അല്പനുകൂടി സർവ്വവും ലഭിക്കുമെന്നറിക.

കാവ്യശാസ്ത്രവിനോദേന കാലഗച്ഛതിധീമതാം.
വ്യസനേന ച മൂർഖാണാം നിദ്രയാ കലഹേനവാ.

അ–വിദ്വാന്മാർ കാവ്യശാസ്ത്രവർത്തമാനങ്ങളെകൊണ്ടു് കാലം കഴിക്കുന്നു. മൂഢന്മാർ ഉള്ളിൽ വ്യസനവും കലഹവും നിദ്രയുംകൊണ്ടു കാലം കഴിക്കുന്നു എന്നറിക.

പിതൃമാതൃകൃതാഭ്യാസോ ഗുണിതാമേതിബാലകഃ
ഗർഭവിച്യുതിമാത്രേണ പുത്രാന്യോപ്യവിപണ്ഡിതഃ

അ–കുട്ടികളെ അച്ഛനും അമ്മയും വിദ്യാഭ്യാസം ചെയ്യിപ്പിച്ചാൽ അവർ അച്ഛനേയും അമ്മയേയും രക്ഷിക്കും. വിദ്യയില്ലാത്തപുത്രന്മാർ ഉണ്ടാകുന്നതിലും ഗർഭം അലസിപ്പോകുന്നതാണു ഗുണം എന്നറിക.

ഏകേനാപിസുപുത്രേണ വിദ്യായുക്തേന സാധുനാ
ആഹ്ലാദിതം കുലം സർവ്വം യഥാ ചന്ദ്രേണശർവരീ,

അ-ഒരു പുത്രനേയുള്ള എങ്കിലും വിദ്വാനായി നല്ലവനായിത്തീർന്നാൽ ആ വംശമൊക്കെയും

സന്തോഷിപ്പിക്കും, രാത്രിയിൽ ചന്ദ്രൻ സകല ജനങ്ങളേയും സന്തോഷിപ്പിക്കുന്നതുപോലെന്നറിക.

വിഷാദപ്യമൃതം ഗ്രാഹ്യം അമേദ്ധ്യാദപി കാഞ്ചനം
നീചാദപ്യുത്തമം വിദ്യാ സ്ത്രീരത്നം ദുഷ്കുലാദപി.

അർത്ഥം–വിഷത്തിൽനിന്നും അമൃതും അമേദ്ധ്യത്തിൽ കിടക്കുന്ന സ്വർണ്ണവും നീചങ്കൽ ഇരിക്കുന്നവിദ്യയും ദുഷ്കുലംശത്തിലെങ്കിലും, സ്ത്രീരത്നത്തേയും സ്വീകരിക്കാം. ഈവക ദോഷസാധനങ്ങളിൽ ഇരിക്കുന്ന ഗുണവസ്തുക്കളെ എടുക്കാൻ ശങ്കിക്കരുതു് എന്നറിക.

സുകുലേ യോജയേത്കന്യാം പുത്രം വിദ്യാസു യോജയേത്
വ്യസനേയോജയേച്ഛത്രുമിഷ്ടം ധർമ്മേഷുയോജയേത്

അർത്ഥം–കന്യകയെ നല്ലവംശത്തിൽ കൊടുക്കണം. പുത്രനെ നല്ലവണ്ണം വിദ്യ അഭ്യസിപ്പിക്കണം. ശത്രുവിനെ വ്യസനിപ്പിക്കണം. ഇഷ്ടന്മാരെ ധർമ്മത്തോടു യോജിപ്പിക്കണം എന്നറിക.

കിംഭാരസ്യസമർത്ഥാനാം കിംദൂരം വ്യവസായിനാം
കോവിദേശസ്സുവിദ്വാനാം കഃപരഃപ്രിയവാദിനാം.

അർത്ഥം–സമർത്ഥന്മാക്കു് എന്തൊരുകാര്യംസാധിക്കുവഹിയാത്തു? പ്രയത്നക്കാക്കു് അകലമുണ്ടായിട്ടു് എന്തൊരുവസ്തു? വിദ്വാന്മാക്കു് വിദേശം ഏതു്? പ്രിയം പറയുന്നവക്കു ശത്രുക്കളാരും ഇല്ലെന്നറിക.

ധനധാന്യപ്രയോഗേഷു വിദ്യാസംഗ്രഹണേഷു ച
ആഹാരേവ്യവഹാരേ ച ത്യക്തലജ്ജസ്സുഖീഭവേൽ.

അർത്ഥം–നെല്ലും പണവും സമ്പാദിക്കുന്നവനും വിദ്യ അഭ്യസിക്കുന്നവനും വ്യവഹാരത്തിൽ പ്രവേശിച്ചവനും ക്ഷിപ്രാൻ ഇരിക്കുന്നവനും ലജ്ജ കൂടാതെയിരിക്കണമെന്നറിക.

കാകട്ടഷ്ടിർബകധ്യാനം ശ്വാനനിദ്രാതഥൈവ ച
അല്പാഹാരം ജീർണ്ണവസ്ത്രമേതദ്വിദ്യാർത്ഥി ലക്ഷണം

അർത്ഥം–കാക്കയുടെ നോട്ടംപോലെയും കൊക്കിനെപ്പോലെ ധ്യാനിമായിട്ടും നായുടെ ഉറക്കംപോലെ ബോധംകെട്ടു് ഉറങ്ങാതെയും വസ്ത്രം പഴയതായിരിക്കുകയും വിദ്യാഭ്യാസകാലത്തു് വേണ്ടതെന്നറിക.

ആജ്ഞാമാത്രഫലം രാജ്യം ബ്രഹ്മചര്യഫലം തപഃ
പരിജ്ഞാനഫലംവിദ്യാ ദത്തഭുക്തഫലം ധനം

അർത്ഥം–രാജാവായാലത്തെ ഫലം തന്റെകല്പന എല്ലാവരും ബഹുമാനിക്കുന്നതാകുന്നു. തപസ്സിന്റെ ഫലം ബ്രഹ്മചര്യമാകുന്നു. വിദ്യയുടെ ഫലം ജ്ഞാനമാകുന്നു. ധനത്തിന്റെ ഫലം ദാനവും ഭോഗവുമാകുന്നു, എന്നറിക.

ക്രോധാവൈവസ്വതോരാജാ തൃഷ്ണാവൈതരണീനദീ
വിദ്യാകാമദുഘാധേനുസ്സന്തോഷംനന്ദനം വനം.

അർത്ഥം–കോപം അന്തകനാകുന്നു. അസാദ്ധ്യത്തിൽ ഉണ്ടാകുന്ന ഇച്ഛ വൈതരണിയാകുന്നു. വിദ്യ ആഗ്രഹിക്കുന്നതിനെതരുന്നകാമധേനുവാകുന്നു. സന്തോഷം നന്ദനവനമാകുന്നു എന്നറിക.

ഗുണോഭൂഷയതേരൂപം ശീലം ഭൂഷയതേ കുലം
സിദ്ധിർഭൂഷയതേവിദ്യാം ഭോഗോഭൂഷയതേധനം.

അർത്ഥം–ദാനാദി ഗുണംകൊണ്ട് രൂപസൗന്ദര്യവും ശീലഗുണംകൊണ്ട് വംശപ്രസിദ്ധിയും സുകൃതപ്രാപ്തികൊണ്ട് വിദ്യയും സുഖാനുഭവംകൊണ്ടുധനവും അലങ്കരിക്കപ്പെടുന്നു എന്നറിക.

അഗുണസ്യ ഹതം രൂപം ദുശ്ശീലസ്യ ഹതം കുലം
അസിദ്ധസ്യഹതം വിദ്യാ അഭോഗേന ഹതംധനം.

അർത്ഥം–ഗുണമില്ലാത്തവന്റെ സൌന്ദര്യവും ദുശ്ശീലന്റെ കുടുംബവും ജ്ഞാനമില്ലാത്തവന്റെ വിദ്യയും സുഖം അനുഭവിക്കാത്തവന്റെധനവും നിഷ്ഫലമെന്നറിക.

വിദ്യാർത്ഥീ സേവകഃ പാന്ഥഃ
ക്ഷുധാർത്തോ ഭയകാതരഃ
ഭാണ്ഡീ ച പ്രതിഹാരീ ച
ഷഡ്സുപ്താൻ പ്രബോധയേൽ.

അർത്ഥം–വിദ്യ അഭ്യസിക്കുന്നവനും രാജസേവകനും വഴിപോക്കനും വിശന്നു പരവശനായിരിക്കുന്നവനും ഭയമുള്ളവനും കാവല്ക്കാരനും ഭാണ്ഡക്കാരനും ഈ ഏഴുപേരും ഉറങ്ങുന്നതുകണ്ടാൽ ഉണർത്തണമെന്നറിക.

ശുഭം.